**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4100** **03-03-2023 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിൽ രണ്ടാംവിള നെല്ല് സംഭരണത്തിനുള്ള ഒരുക്കങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ രണ്ടാംവിള നെല്ല് സംഭരണത്തിന്റെ ഭാഗമായി എന്തെല്ലാം ഒരുക്കങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | രണ്ടാംവിള നെല്ല് സംഭരണത്തിനായുള്ള രജിസ്ട്രേഷനായി ഡിസംബർ 1 മുതൽ രജിസ്ട്രേഷൻ സൈറ്റ് കർഷകർക്ക് തുറന്നു കൊടുക്കുകയും ഫീൽഡ് തലത്തിൽ ആവശ്യമുള്ള ഉദ്യോഗസ്ഥരെ വിന്യസിക്കുകയും ചെയ്തു. നെല്ല് സംഭരണ പദ്ധതിയെക്കുറിച്ചും, ഇതിനായി രജിസ്ട്രേഷൻ നടത്തേണ്ട ആവശ്യകതയെ കുറിച്ചും നെല്ല് സംഭരണവേളയിൽ കർഷകർ അനുവർത്തിക്കേണ്ടുന്ന കാര്യങ്ങളെക്കുറിച്ചും നെല്ല് സംഭരിക്കുമ്പോൾ പാലിക്കേണ്ട ഗുണനിലവാര മാനദണ്ഡങ്ങളെക്കുറിച്ചും കർഷകർക്ക് അവബോധം നൽകുന്നതിനായി കർഷകരുടെ യോഗങ്ങൾ സംഘടിപ്പിച്ചു. നെല്ല് സംഭരണം സുഗമമായി നടത്തുന്നതിലേക്കായി മില്ലുടമകളുടെ യോഗം വിളിച്ചുചേർത്തു. നിലവിൽ 62 മില്ലുകൾ supplyco യുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഈ മില്ലുകൾക്കു എല്ലാം തന്നെ പാലക്കാട് ജില്ലയിൽ നിന്നും നെല്ല് സംഭരിക്കുവാൻ അനുമതി നൽകുന്നതാണ്. |
| (ബി) | പ്രസ്തുത ജില്ലയിലെ കർഷകർക്ക് നെല്ല് നൽകിയ ഇനത്തിലെ തുക സമയബന്ധിതമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | കർഷകർക്ക് സമയബന്ധിതമായി നെല്ലിൻറെ വില നൽകുന്നതിനായി SBI, FEDERAL BANK, CANARA BANK എന്നിവർ ചേർന്നുള്ള കൺസോർഷ്യത്തിൽ നിന്നും 2500 കോടി രൂപ കടമെടുത്തിരുന്നു. എന്നാൽ മുൻകാലങ്ങളിൽ നെല്ല് സംഭരണത്തിനായി കർഷകരുടെ പേരിൽ എടുത്ത PRS ലോണിന്റെ തിരിച്ചടവ് വൈകുന്നതു മൂലം CIBIL SCORE കുറയുന്നത് പോലെയുള്ള ബുദ്ധിമുട്ടുകൾ കർഷകർക്ക് ഉണ്ടാകുന്നു എന്ന് മനസ്സിലാക്കി ലോൺ തുകയിൽ ഏകദേശം 2100 കോടി PRS ലോൺ തിരിച്ചടവിനായി വിനിയോഗിക്കേണ്ടി വന്നു. ആയതിനാൽ കർഷകർക്ക് ജനുവരി 31 വരെയുള്ള കുടിശ്ശിക തീർക്കുന്നതിനായി 200 കോടി രൂപ KERALA ബാങ്കിൽ നിന്നും PRS ലോണായി സ്വീകരിച്ചു. |

| | | | |
|---|---|---|---|
| | | | ഇതിനോടൊപ്പം തന്നെ SUPPLYCOയുടെ കടമെടുപ്പ് പരിധി 3500 കോടി രൂപയാക്കുന്നതിനും മറ്റു ബാങ്കുകളിൽനിന്നോ ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നോ ലോൺ എടുക്കുന്നതിന്മേലും സാധ്യത പരിശോധിച്ചുവരികയാണ്. 28.02.2023 തീയതി വരെ പാലക്കാട് ജില്ലയിൽ മാത്രം 45,995 കർഷകർക്ക് 318.78 കോടി രൂപ നെല്ലിന്റെ വിലയിനത്തിൽ നൽകികഴിഞ്ഞിട്ടുള്ളതും ഇനി 337 കർഷകർക്ക് 2.05 കോടി രൂപ കൊടുത്തു തീർക്കുവാനുള്ളതുമാണ്. രണ്ടാംവിളയുമായി ബന്ധപ്പെട്ട് സംഭരിച്ച നെല്ലിന്റെ വിലനൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ